# പഞ്ചായത്തും സിവിൽ സമൂഹവും

<u>ജനങ്ങൾക്കും ജനപ്രതിനിധികൾക്കും വേണ്ടി തയ്യാറാക്കിയ</u>

ഒരു ലഘുലേഖ

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

**മുളംകുന്നത്തുകാവ്, തൃശൂർ**

**2002**

# അവതാരിക

വർദ്ധിച്ച ജനപങ്കാളിത്തത്തിലൂടെ പ്രാദേശിക തലത്തിൽ വികസനം സാദ്ധ്യമാക്കുക എന്നതാണ് പഞ്ചായത്തുരാജ് സംവിധാനം ലക്ഷ്യം വെയ്ക്കുന്നത്. പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനും ക്രിയാത്മകമായ വിമർശനം ഉയർത്തുവാനും ജനങ്ങൾ തയ്യാറായാൽ മാത്രേ മേൽപ്പറഞ്ഞ ലക്ഷ്യം സാക്ഷാത്കരിക്കുകയുള്ളു. സിവിൽ സമൂഹത്തെ ശക്തിപ്പെടുത്തുകയാണ് ഇതിനുള്ള മാർഗ്ഗം.

പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ സിവിൽ സമൂഹത്തിന് ഇടപെടുവാൻ സഹായകമായ പല വകുപ്പുകളും പഞ്ചായത്തുരാജ് നിയമത്തിൽ ഉണ്ട്. ഈ വകുപ്പുകളും സാദ്ധ്യതകളും ജനങ്ങൾ വേണ്ടത്ര മനസ്സിലാക്കിയാൽ മാത്രമേ പഞ്ചായത്തിനും സിവിൽ സമൂഹത്തിനും പരസ്പരം ശക്തിപ്പെടുവാൻ കഴിയുകയുള്ളു.

ഈ വിഷയത്തെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ അറിവും അവബോധവും ഉണ്ടാക്കുവാൻ വേണ്ടിയാണ് കില ഈ ലഘുലേഖ പ്രസിദ്ധീകരിക്കുന്നത്. ഇതു തയ്യാറാക്കുവാൻ സഹായിച്ച എല്ലാ സുഹൃത്തുക്കളും പ്രത്യേകിച്ച് ഇതിനു നേതൃത്വം നൽകിയ പ്രൊഫ. ജോൺ എം. ഇട്ടിയും അഭിനന്ദനം അർഹിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും കേരളത്തിലെ പൗരസമൂഹത്തിനും ഈ വിഷത്തിൽ പ്രാഥമികമായ ധാരണയും അന്വേഷണത്വരയും ലഭ്യമാക്കുവാൻ സഹായകമാവും എന്നു പ്രതീക്ഷിച്ചുകൊണ്ട് ഈ ലഘുലേഖ പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ടി.ഒ. സൂരജ്, ഐ.എ.എസ്.
ഡയറക്ടർ, കില

തീയതി : 04.05.2002

# ആമുഖം

"ആസൂത്രിത വികസനത്തിലും തദ്ദേശഭരണ കാര്യങ്ങളിലും വർദ്ധിച്ച അളവിലുള്ള ജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായിട്ടാണ് ത്രിതല പഞ്ചായത്തു സംവിധാനം ഉണ്ടാ കേണ്ട"തെന്നാണ് 1994–ലെ കേരള പഞ്ചായത്തുരാജ് ആക്ടിന്റെ പീഠികയിൽ പറയുന്നത്. എല്ലാ കാര്യങ്ങളിലും ജനപങ്കാളിത്തം മെച്ചമാക്കിക്കൊണ്ട് ഒരു പുതിയ സാമൂഹ്യ–സാമ്പത്തിക ക്രമവും ബന്ധവും ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാക്കുക എന്നതാണ് പഞ്ചായത്തുരാജിന്റെ ലക്ഷ്യം. ജനപങ്കാ ളിത്തം പഞ്ചായത്തുരാജിന്റെ ലക്ഷ്യവും മാർഗ്ഗവുമാണ്.

ഇതിന്റെ പ്രാധാന്യവും സാദ്ധ്യതകളും പഞ്ചായത്തുഭരണ സമിതികളും അവയെ തെര ഞ്ഞെടുത്ത ജനങ്ങളും വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ടോ എന്ന് സംശയമാണ്. ചിലയിടങ്ങളിൽ ഭരണസമിതികൾ എല്ലാ കാര്യങ്ങൾക്കും ക്ഷണിച്ചാലും ജനങ്ങൾ താല്പര്യം കാണിക്കുന്നില്ല. മറ്റു ചിലയിടങ്ങളിൽ ജനങ്ങൾ പങ്കാളിത്തത്തിനു തയ്യാറായാൽ ഭരണസമിതികൾ വേണ്ട രീതിയിൽ അവരെ സ്വാഗതം ചെയ്യുന്നില്ല. ഈ രണ്ട് അവസ്ഥകളിൽ നിന്നും വ്യത്യസ്ഥമായ സ്ഥിതി ഉള്ളയിട ങ്ങളിൽ പഞ്ചായത്തു സംവിധാനം വിജയിക്കുകയും ചെയ്യുന്നു. രണ്ടു കൂട്ടരും തമ്മിൽ നിലനി ല്ക്കുന്ന പരസ്പര സംശയങ്ങൾ ഇല്ലാതാക്കി പരസ്പര വിശ്വാസ–ബഹുമാനം ഉണ്ടാക്കേണ്ടത് ഈ സംവിധാനത്തിന്റെയും അതുവഴി ജനങ്ങളുടെയും മുന്നേറ്റത്തിന് അനിവാര്യമാണ്. ഈ കാര്യത്തെ കുറിച്ചുള്ള പഠനം ആരംഭിക്കുവാൻ ജനപ്രതിനിധികളെയും പൊതുജനങ്ങളെയും സഹായിക്കു വാൻ വേണ്ടിയാണ് കില ഈ ലഘുലേഖ പ്രസിദ്ധീകരിക്കുന്നത്.

ഈ വിഷയത്തിൽ താല്പര്യമുള്ള ബഹുമാന്യരായ ഒരുപറ്റം സുഹൃത്തുക്കൾ രണ്ടു പ്രാവശ്യം കിലയിൽ ഒത്തുചേർന്ന് ആശയവിനിമയം നടത്തിയാണ് ഈ രേഖ തയ്യാറാക്കിയത്. അതിൽ പങ്കെടുത്ത എല്ലാ സുഹൃത്തുക്കൾക്കും കിലയുടെ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ഈ വിഷയത്തെക്കുറിച്ചുള്ള പഠനത്തിനും അന്വേഷണത്തിനും ഈ ലഘുലേഖ ഒരു ചെറിയ അളവിൽ എങ്കിലും സഹായകമാകും എന്നു പ്രതീക്ഷിക്കുന്നു.

പ്രൊഫ. ജോൺ എം. ഇട്ടി

20.04.2002

# പഞ്ചായത്തും സിവിൽ സമൂഹവും

ജനാധിപത്യം, സദ് ഭരണം, ജനപങ്കാളിത്തം, ഉദാരവൽക്കരണം എന്നീ പരസ്പരബന്ധിത ഘടകങ്ങൾ വികസന പ്രക്രിയയ്ക്കു അനിവാര്യമാണെന്ന ചിന്ത ഇന്ന് ശക്തമായിക്കൊണ്ടിരിക്കുകയാണ്. ഭരണക്കൂടത്തിന്റെ കേന്ദ്രീകൃത ശക്തി കുറക്കുകയും ഇന്ന് നിർവ്വഹിക്കുന്ന പല ചുമതലകളിൽ നിന്നും ഭരണക്കൂടം പിൻവാങ്ങുകയും ആ വിടവിൽ സിവിൽ സമൂഹം സജീവമായ പങ്കു വഹിക്കുകയും ചെയ്യണമെന്നാണ് ഒരു വാദം. പഞ്ചായത്തുരാജ് സംവിധാനത്തിലൂടെ വികേന്ദ്രീകൃത ജനാധിപത്യവും വികേന്ദ്രീകൃത ആസൂത്രണവും വിജയിപ്പിക്കുവാൻ സിവിൽ സമൂഹത്തിന്റെ വർദ്ധിതവും ഗുണപരവുമായ പങ്കാളിത്തം ഉണ്ടാകണം എന്ന ചിന്തയും വ്യാപകമാണ്. ആഗോളവൽക്കരണത്തിന്റെ വക്താക്കൾ സിവിൽ സമൂഹ സൃഷ്ടിക്ക് പ്രാധാന്യം കല്പിക്കുന്നത് ചില സംശയങ്ങൾക്കും ഇടം നൽകുന്നു. ഈ പശ്ചാത്തലത്തിൽ, സിവിൽ സമൂഹം എന്നാൽ എന്ത്? അതും ഭരണക്കൂടവും തമ്മിലുള്ള ബന്ധം എന്താണ്? ജനാധിപത്യവും സദ് ഭരണവും ജനപങ്കാളിത്തവും യാഥാർത്ഥ്യമാക്കുവാൻ വേണ്ടി സിവിൽ സമൂഹവും ഭരണക്കൂടവും തമ്മിൽ ഉണ്ടാകേണ്ട സഹകരണത്തിന്റെയും സംഘർഷത്തിന്റെയും മേഖലകൾ ഏതെല്ലാമാണ്? തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പ്രായോഗികവും ഗൗരവുമായ അന്വേഷണവും പഠനവും നടക്കേണ്ടിയിരിക്കുന്നു. ഇതിനൊരു തുടക്കം എന്ന നിലയിൽ, 'കില'യിൽ 2001 ഒക്ടോബർ 23–ാം തീയ്യതിയും തുടർന്ന് നവംബർ 27, 28 എന്നീ തീയ്യതികളിലും കൂടിയ ആലോചനാ യോഗങ്ങളിൽ ഉരുത്തിരിഞ്ഞ ചിന്തകളാണ് താഴെ ചേർക്കുന്നത്.

### സിവിൽ സമൂഹം – നിർവ്വചനം

'സിവിൽ സമൂഹം' എന്ന സംജ്ഞയെക്കുറിച്ച് വ്യത്യസ്തമായ നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും ഉണ്ട്. ഈ സംജ്ഞയെ വികസിപ്പിച്ചവരിൽ പ്രധാനി അന്തോണിയോ ഗ്രാംജിയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഉല്പാദന പ്രക്രിയയോടും സ്റ്റേറ്റിന്റെ ശാക്തികസംവിധനത്തോടും ബന്ധമില്ലാതെ, സ്വകാര്യമായി സംഘടിപ്പിച്ചിട്ടുള്ള മത സംഘടനകൾ, തൊഴിലാളി യൂണിയനുകൾ, രാഷ്ട്രീയ പാർട്ടികൾ, സാംസ്കാരിക സംഘടനകൾ എന്നിവയെല്ലാം ചേർന്നതാണ് സിവിൽ സമൂഹം. രാഷ്ട്രീയ പാർട്ടികൾ ഒഴികെയുള്ള എല്ലാ സംഘടനകളും ഉൾപ്പെട്ടതാണ് സിവിൽ സമൂഹം എന്നതാണ് മറ്റൊരു നിർവ്വചനം. സ്റ്റേറ്റിന്റെ ശക്തിയുമായി ബന്ധപ്പെട്ടല്ലാതെ, പങ്കാളികളുടെ യോജിച്ച തീരുമാനത്തിന്റെ സ്വാധീനത്താൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും കൂടിയതാണ് സിവിൽ സമൂഹം എന്നതും മറ്റൊരു നിർവ്വചനമാണ്.

രാഷ്ട്രീയ പാർട്ടികളെ ഒഴിവാക്കിക്കൊണ്ടും ഭരണക്കൂടവുമായി ബന്ധപ്പെടുത്തിയല്ലാതെയും സിവിൽ സമൂഹത്തെ കാണുവാൻ കഴിയുകയില്ല എന്ന ധാരണയും ശക്തമാണ്. ഇങ്ങനെ വ്യത്യസ്തമായ നിർവ്വചനങ്ങൾ ഉള്ളതിനാൽ എല്ലാവരും യോജിക്കുന്ന ഒരു നിർവ്വചനം കണ്ടെത്തുക പ്രയാസമായിരിക്കും. അതിനാൽ സിവിൽ സമൂഹത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ഒരു പൊതു ധാരണ ഉണ്ടാക്കി, അതിന്റെ വെളിച്ചത്തിൽ പഠനവും അന്വേഷണവും തുടരുകയായിരിക്കും കരണീയം.

**സിവിൽ സമൂഹത്തിന്റെ ലക്ഷ്യം**

എല്ലാ വിഭാഗം ജനങ്ങളുടെയും സ്വാതന്ത്ര്യവും വികസനവും ആയിരിക്കണം സിവിൽ സമൂഹത്തിന്റെ അത്യന്തിക ലക്ഷ്യം. അതിനാൽ, എല്ലാവരെയും ഉൾക്കൊള്ളുന്നതും എല്ലാവരുടെയും ആശയാഭിലാഷങ്ങൾ പൂവണിയിക്കുന്നതും ആയിരിക്കണം സിവിൽ സമൂഹം. അതിജീവനത്തിന്റെ മാർഗ്ഗം നിഷേധിക്കപ്പെട്ട വ്യക്തികളും സമൂഹങ്ങളും ഉണ്ടാകുവാൻ ഇടയായാൽ അവിടെ ശരിയായ സിവിൽ സമൂഹം യാഥാർത്ഥ്യമല്ലാതാകും.

ഇന്ന് സിവിൽ സമൂഹത്തിന്റെ ഭാഗമായി ധാരാളം രാഷ്ട്രീയ–രാഷ്ട്രീയേതര സംഘടനകൾ ഉണ്ട്. അവയിൽ പലതും അംഗങ്ങളുടെ താല്പര്യത്തിനു വേണ്ടിയല്ല നിലകൊള്ളുന്നത്. അംഗങ്ങളുടെയും പുറത്തുള്ള പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും താല്പര്യങ്ങൾ അവഗണിച്ചുകൊണ്ട് ന്യൂനപക്ഷം വരുന്ന പ്രാമാണ്യവർഗ്ഗത്തിന്റെ താല്പര്യം സംരക്ഷിക്കുവാനാണ് ഇവയിൽ ഭൂരിഭാഗവും ശ്രമിക്കുന്നത്. ചില സംഘങ്ങൾക്ക് ഇൻഡ്യക്കു പുറത്ത് വേരുകളും താല്പര്യവും നിയന്ത്രണവും പോലും ഉണ്ട്. അതിനാൽ ചുറ്റുപാടുമുള്ള ജനങ്ങളെ അവയ്ക്കു ശ്രദ്ധിക്കുവാൻ കഴിയാറില്ല. സംഘടനകളുടെ ഭീകരമായ നീരാളിപ്പിടിത്തത്തിന്റെ ബന്ധനങ്ങളിൽ നിന്നും മോചിതമായി അംഗങ്ങൾക്ക് സ്വതന്ത്രമായി സംസാരിക്കുവാൻ പോലും കഴിയാറില്ല. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾക്കു സഹായകരമായി പ്രവർത്തിക്കുന്ന സംഘങ്ങളെയാണ് സിവിൽ സമൂഹമായി കണക്കാക്കേണ്ടത്. ഇൻഡ്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങൾ, മൗലിക കടമകൾ, നിർദ്ദേശക തത്വങ്ങൾ ഇവ സിവിൽ സമൂഹത്തിന്റെ പ്രവർത്തനങ്ങൾക്കു മാർഗ്ഗദർശകമാക്കാവുന്ന ആശയങ്ങളാണ്.

പൗരസംഘങ്ങളുടെ എണ്ണത്തിന്റെയും വ്യാപ്തിയുടെയും കാര്യത്തിൽ അത്യപൂർവ്വമായ സ്ഥാനമാണ് കേരളത്തിനുള്ളത്. ഓരോ പൗരനും ഒരേ സമയം കുറഞ്ഞത് മൂന്നോ നാലോ സംഘടനകളിൽ അംഗമാണ്. ഇതിന്റെയടിസ്ഥാനത്തിൽ സാധാരണ കേരളീയന്റെ സാമൂഹ്യബോധ നിലവാരം വളരെ ഉയർന്നതാണെന്നു കരുതപ്പെടുന്നു. ഈ ധാരണ ശരിയാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

**ഭരണകൂടവും സിവിൽ സമൂഹവും**

ഭരണകൂടവും സിവിൽ സമൂഹവും തമ്മിൽ ഉള്ള ബന്ധത്തെക്കുറിച്ചുള്ള ധാരണകൾ പലതും ദുർബലമാണ്. ഭരണകൂടവുമായുള്ള ബന്ധത്തിലല്ലാതെയും കേവലം തനിക്കും കുടുംബത്തിനും വേണ്ടിയല്ലാതെയും ഉള്ള പൊതുപ്രവർത്തനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന മേഖലയാണ് സിവിൽ സമൂഹം എന്നതാണ് ഒരു ധാരണ. ഈ ധാരണയുള്ളവർ, ഭരണക്കൂടവും സിവിൽ സമൂഹവും തമ്മിൽ വേർതിരിക്കുന്ന അതിർവരമ്പുകൾ ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നു.

ഭരണകൂടവുമായി ബന്ധപ്പെടുത്തിയല്ലാതെ സിവിൽ സമൂഹത്തെ കാണുവാൻ കഴിയുകയില്ല എന്നതാണ് മറ്റൊരു കാഴ്ചപ്പാട്. കുടുംബം, പൗരസമൂഹം, ഭരണം എന്നിവയെല്ലാം അധികാരം ഉൾക്കൊള്ളുന്ന വ്യത്യസ്ത മേഖലകളാണെങ്കിലും ഇന്ന് കുടുംബകാര്യങ്ങളിൽ പോലും ഭരണക്കൂടത്തിന്റെ ഇടപെടൽ ഒരു യാഥാർത്ഥ്യമാണ്. അതിനാൽ ഈ മേഖലകളെ വേർതിരിച്ചു കാണുവാൻ കഴിയുകയില്ല. സിവിൽ സമൂഹത്തിൽ പലതരം വിഭജനങ്ങൾ ഉള്ളതിനാൽ ഇത്

സംഘർഷത്തിന്റെ മേഖലയാണ്. അതുകൊണ്ടുതന്നെ, സിവിൽ സമൂഹം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമല്ല, രാഷ്ട്രീയത്തിന് ഉപരിയുമല്ല.

അധികാരകേന്ദ്രങ്ങളോടു വിലപേശിക്കൊണ്ടും ഏറ്റുമുട്ടിക്കൊണ്ടുമല്ലാതെ സിവിൽ സമൂഹ രൂപീകരണം സാദ്ധ്യമല്ല. ഭരണക്കൂടവും സിവിൽ സമൂഹവും ഏറ്റുമുട്ടുകയും സഹകരിക്കുകയും ചെയ്തുകൊണ്ട് രണ്ടും പരസ്പര പൂരകമായി വളരേണ്ടതാണ്. അങ്ങനെയേ രണ്ടിനും ഗുണപര മായി വളരുവാൻ കഴിയുകയും ഉള്ളു. പാശ്ചാത്യ രാജ്യങ്ങളിലുള്ള, സിവിൽ സമൂഹ വാദത്തിന്റെ ചില വക്താക്കൾ, ഭരണക്കൂടം നശിപ്പിക്കപ്പെടേണ്ടതാണെന്ന ധാരണ വച്ചുപുലർത്തുന്നുണ്ട്. ഈ ധാരണ സ്വാഗതാർഹമല്ല. ഭരണക്കൂടം ഗുണകരമായി ജനകീയവൽക്കരിക്കപ്പെടേണ്ടതാണ്. അതിന് സിവിൽ സമൂഹത്തിന്റെ ശക്തിയും സ്വാധീനവും അനിവാര്യമാണുതാനും.

കേന്ദ്ര–സംസ്ഥാന ഭരണക്കൂടങ്ങൾ ജനങ്ങളിൽ നിന്നും അകലെയായതിനാൽ ഭരണകൂടവും സിവിൽ സമൂഹവും തമ്മിലുള്ള സഹകരണത്തിന്റെ സാദ്ധ്യതകൾ കുറവാണ്. സംഘർഷങ്ങളും ഗുണപരമായ ഫലം പുറപ്പെടുവിക്കുന്നില്ല. ഭരണകൂടം, പഞ്ചായത്തുകളിലൂടെയാണ് ഇപ്പോൾ സിവിൽ സമൂഹത്തിൽ ഇടപെടുവാൻ ശ്രമിക്കുന്നത്. പഞ്ചായത്തുകൾ ഭരണകൂടത്തിന്റെ ഭാഗമാ ണെങ്കിലും ജനങ്ങൾക്ക് സമീപസ്ഥവും ജനങ്ങളുമായി നേരിട്ടു ബന്ധപ്പെടുവാൻ സാദ്ധ്യതയും ഉള്ള സ്ഥാപനങ്ങളാണ്. ഭരണക്കൂടത്തിന്, സിവിൽ സമൂഹവുമായി സജീവവും നിരന്തരവും ആയ ബന്ധം സ്ഥാപിക്കുവാനാണ് പഞ്ചായത്തു സംവിധാനം രൂപീകരിക്കുന്നത്. സിവിൽ സമൂഹത്തിന് പഞ്ചായത്തുകളിലൂടെ ഭരണക്കൂടത്തിൽ ഇടപെടുവാനുള്ള സാദ്ധ്യതയും ഇതു നൽകുന്നു. ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി പഞ്ചായത്തുകളും സിവിൽ സമൂഹവും പരസ്പരം സഹകരിക്കു കയും വിമർശിക്കുകയും ചെയ്യുമ്പോൾ രണ്ടിനും ഗുണപരമായി വളരുവാൻ കഴിയും. ഈ ധർമ്മ ങ്ങൾ ഇന്ന് പഞ്ചായത്തുകളും സിവിൽ സമൂഹവും നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടി യിരിക്കുന്നു.

**രാഷ്ട്രീയത്തിന്റെ അപചയവും സിവിൽ സമൂഹവും**

രാഷ്ട്രീയം ഇന്ന്, ജനങ്ങളുടെ പൊതുവായ താല്പര്യത്തിനെതിരായി കക്ഷിരാഷ്ട്രീയമായും ഗ്രൂപ്പുരാഷ്ട്രീയമായും മുന്നണി രാഷ്ട്രീയമായും മുന്നണികളിലെ ഗ്രൂപ്പുകൾ തമ്മിൽ ഉള്ള രഹസ്യ ധാരണയുടെ രാഷ്ട്രീയമായും അപചയപ്പെട്ടിരിക്കുകയാണ്. ഈ പ്രക്രിയയിൽ ജനകീയ രാഷ്ട്രീയം, രാഷ്ട്രീയ പാർട്ടികൾക്ക് അന്യമായിക്കഴിഞ്ഞു. രാഷ്ട്രീയത്തിനുണ്ടായ ഈ അപചയം ഭരണക്കൂടത്തെയും സിവിൽ സമൂഹത്തേയും ദുർബലപ്പെടുത്തുന്നു. അപചയം സംഭവിച്ച രാഷ്ട്രീയമാണ് ജനങ്ങളുടെയും സിവിൽ സമൂഹത്തിന്റെയും മുഖ്യ ശത്രു എന്നതിനാൽ അരാഷ്ട്രീ യവൽക്കരണമാണ് വേണ്ടതെന്ന് ചിലർ വാദിക്കുന്നു.

എന്നാൽ, അരാഷ്ട്രീയം അയാഥാർത്ഥമായ ഒരു സങ്കല്പമാണെന്നും, ജനവിരുദ്ധ രാഷ്ട്രീയം ഒളിഞ്ഞിരിക്കുന്നതാണെന്നും, അരാജകത്വത്തിന്റെ രാഷ്ട്രീയമാണെന്നും ഉള്ള ചിന്ത ക്കാണ് മുൻതൂക്കം. ഇന്നുണ്ടായിരിക്കുന്ന അപചയത്തിൽ നിന്നും രാഷ്ട്രീയത്തെ മോചിപ്പിച്ച്, രാഷ്ട്രീയത്തെ ജനകീയ രാഷ്ട്രീയമാക്കി മാറ്റേണ്ടിയിരിക്കുന്നു. സിവിൽ സമൂഹത്തിന്റെ ഗുണകര മായ വളർച്ചയിലൂടെയാണ് ഇതു സാധിക്കേണ്ടത്.

സ്റ്റേറ്റിനും സിവിൽ സമൂഹത്തിനും അപചയം സംഭവിക്കുകയും ജനങ്ങൾക്ക് രണ്ടിനോടു മുള്ള വിശ്വാസം കുറയുകയും ചെയ്തു എന്നു വിശ്വസിക്കപ്പെടുന്ന സാഹചര്യത്തിലാണ് പഞ്ചായത്തു രാജ് സംവിധാനത്തിനു രൂപം കൊടുത്തിരിക്കുന്നത്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ പഞ്ചായത്തുകൾ ജനങ്ങളുടെ വിളിപ്പാടകലെയുള്ള സ്റ്റേറ്റാണ്. ഇവ, ജനാധിപത്യത്തിന്റെയും വികസനത്തിന്റെയും യഥാർത്ഥ പ്രകടിതരൂപങ്ങളുമാണ്. പഞ്ചായത്തുകളും താഴെ നിന്നുള്ള ആസൂത്രണവും സ്റ്റേറ്റിന്റെയും സിവിൽ സമൂഹത്തിന്റെയും ഉദാത്തമായ മാതൃകകൾ ലഭ്യമാക്കിയിരിക്കുന്നു. ഗ്രാമസഭകളും അയൽക്കൂട്ടങ്ങളും സ്റ്റേറ്റിനും സിവിൽ സമൂഹത്തിനും പരസ്പരം പ്രതിപ്രവർത്തിക്കുവാനുള്ള വ്യവസ്ഥാപിതമായ സംവിധാനം പ്രദാനം ചെയ്തിരിക്കുന്നു.

സിവിൽ സമൂഹം പഞ്ചായത്തിനെ ശക്തിപ്പെടുത്തുകയാണു വേണ്ടതെന്നും മറിച്ച് പഞ്ചായത്തുകൾ സിവിൽ സമൂഹത്തെയാണ് ശക്തിപ്പെടുത്തേണ്ടതെന്നും ഉള്ള വ്യത്യസ്തമായ വാദങ്ങൾ ഉണ്ട്. ഇതുരണ്ടും ഉണ്ടാകണം എന്നതാണ് ശരി. ആത്യന്തികമായി ശക്തിപ്പെടേണ്ടത് സിവിൽ സമൂഹം തന്നെയാണ്. അതിനുവേണ്ടി പഞ്ചായത്തുകൾ ശക്തിപ്പെടുകയും വേണം. സിവിൽ സമൂഹം ശക്തിയാർജ്ജിച്ചാൽ മാത്രമേ പഞ്ചായത്തു സംവിധാനത്തിലൂടെ വികേന്ദ്രീകൃത ജനാധിപത്യവും വികേന്ദ്രീകൃതാസൂത്രണവും ഫലവത്താവുകയുള്ളു.

പഞ്ചായത്തുകൾ ശക്തിപ്പെടുക എന്നാൽ ഗ്രാമസഭകളും അയൽക്കൂട്ടങ്ങളും ശക്തിപ്പെടുക എന്നാണർത്ഥം. അതിലൂടെ മാത്രമേ യഥാർത്ഥ സിവിൽ സമൂഹം രൂപപ്പെടുകയുള്ളു. എല്ലാ വിഭാഗം ജങ്ങൾക്കും നേരിട്ടു പങ്കെടുക്കുവാൻ കഴിയുന്ന ഭരണഘടനാദത്തമായ അധികാരങ്ങളും ചുമതലകളുമുള്ള ജനകീയ സഭയാണ് ഗ്രാമസഭ. പങ്കാളിത്ത ജനാധിപത്യത്തിന്റെ ഈ ശക്തിഗോപുരം ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ തൃണമൂലതലത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്ന അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നത് നല്ലതാണ് എന്നാണ് പല ഗ്രാമങ്ങളുടെയും അനുഭവം തെളിയിക്കുന്നത്. ഗ്രാമസഭകളും അയൽക്കൂട്ടങ്ങളും ശക്തിപ്പെടാതെ പഞ്ചായത്തുകൾ ശക്തിപ്പെടുകയാണെങ്കിൽ, അത് ജനങ്ങളുമായി ജൈവബന്ധമില്ലാതെ മറ്റൊരു ഭരണക്കൂടത്തിന്റെ ശക്തീകരണമായിരിക്കും. അത് ദുർബ്ബലവിഭാഗങ്ങളുടെ മേൽ പുതിയ ആധിപത്യ വ്യവസ്ഥ ഉണ്ടാക്കുവാൻ ഇടയാക്കുകയും ചെയ്യാം.

സിവിൽ സമൂഹത്തെ ശക്തിപ്പെടുത്തിക്കൊണ്ടു മാത്രമേ പഞ്ചായത്തുകൾക്ക് ജനകീയമാകുവാൻ കഴിയുകയുള്ളു. അങ്ങനെ മാത്രമേ ശരിയായ സിവിൽ സമൂഹവും രൂപപ്പെടുകയുള്ളു. രണ്ടും പരസ്പരം ശക്തിപ്പെടുത്തിക്കൊണ്ട് വളരുമ്പോൾ മാത്രമേ വികേന്ദ്രീകൃത ജനാധിപത്യം യാഥാർത്ഥ്യമാവുകയുള്ളു. കേരളത്തിൽ, ഈ പ്രക്രിയ എന്തുമാത്രം പ്രാവർത്തികമായി എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

സിവിൽ സമൂഹത്തെ ശക്തിപ്പെടുത്തുവാൻ ബോധപൂർവ്വമായ ശ്രമം നടത്തിയിട്ടുള്ള പഞ്ചായത്തുകളിലെല്ലാം സിവിൽ സമൂഹം ശക്തിപ്പെടുവാനും പഞ്ചായത്തു പ്രവർത്തനം മെച്ചപ്പെടുവാനും ഇടയായിട്ടുണ്ട്. ഗ്രാമസഭ, അയൽക്കൂട്ടങ്ങൾ, വാർഡു വികസന സമിതികൾ, ഗുണഭോക്തൃ സമിതികൾ എന്നിവയെ ശക്തിപ്പെടുത്തിക്കൊണ്ട് വികേന്ദ്രീകൃത ജനാധിപത്യവും വികേന്ദ്രീകൃത ആസൂത്രണവും വിജയകരമാക്കുകയും അതിലൂടെ സിവിൽ സമൂഹം ശക്തിപ്പെടുകയും

ചെയ്ത പല പഞ്ചായത്തുകളുമുണ്ട്. എന്നാൽ ഭൂരിപക്ഷം പഞ്ചായത്തുകളിലും ഈ പ്രക്രിയ വേണ്ടയളവിൽ നടന്നിട്ടില്ല. അവിടങ്ങളിൽ അതിനുള്ള ശ്രമം നടത്തേണ്ടിയിരിക്കുന്നു.

ജനപങ്കാളിത്തത്തോടുകൂടിയ ജനാധിപത്യ ഭരണവും ആസൂത്രണവും പ്രാദേശിക തലത്തിൽ യാഥാർത്ഥ്യമാക്കി തീർക്കുവാൻ വേണ്ടി സ്വാതന്ത്ര്യവും അവകാശങ്ങളും അവസരങ്ങളും ഉത്തരവാദിത്വവും നൽകി ജനങ്ങളെ ശാക്തീകരിക്കുക എന്നതാണ് പഞ്ചായത്തു സംവിധാനത്തിന്റെ ലക്ഷ്യം. എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന ഗ്രാമസഭകളും അയൽക്കൂട്ടങ്ങളും ശക്തമാക്കുന്നതിലൂടെ മാത്രമേ ഈ ലക്ഷ്യം സാധിക്കുകയുള്ളു. ഓരോ പ്രദേശത്തെയും ഭരണവും വികസനവും ജനങ്ങൾ കൂട്ടായ്മയിലൂടെ കൈകാര്യം ചെയ്യുമ്പോൾ ജനപങ്കാളിത്തം ഉണ്ടാകുകയും അഴിമതി, കാര്യക്ഷമതാരാഹിത്യം എന്നീ ശാപങ്ങൾ ഇല്ലാതാവുകയും ചെയ്യും. ഇങ്ങനെ ഒരു അവസ്ഥ ഉണ്ടാകുമ്പോൾ, വിഭാഗീയ താല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന സംഘടനകൾ അപ്രസക്തമാവുകയും അതുവഴി ജനകീയ രാഷ്ട്രീയം ഉരുത്തിരിയുകയും ചെയ്യും.

കൂട്ടായ്മയിലൂടെയുള്ള ഈ പങ്കാളിത്തം ഉറപ്പാക്കുവാൻവേണ്ടി പഞ്ചായത്ത് രാജ് നിയമത്തിൽ നിരവധി വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ ഉപയോഗിച്ചുകൊണ്ട് ജനങ്ങൾക്കു ലഭിച്ച പുതിയ അവകാശങ്ങളും അവസരങ്ങളും ഉപയോഗിക്കുന്നതിൽ വേണ്ടത്ര വിജയം ഉണ്ടായിട്ടില്ല. വിഭാഗീയ താല്പര്യങ്ങളുള്ള സംഘടനകളും രാഷ്ട്രീയ പാർട്ടികളും ജനങ്ങളെ ഇതിനനുകൂലമല്ലാത്ത നിലപാടുകൾ കൈക്കൊള്ളുവാൻ പ്രേരിപ്പിക്കുന്നതാണോ ഇതിനു കാരണമെന്ന് സംശയിക്കപ്പെടുന്നു. കാരണം, വിശാലമായ ജനകീയ താല്പര്യങ്ങൾക്കുവേണ്ടി ജനങ്ങൾ കൂട്ടായ്മകൾ ഉണ്ടാക്കിയാൽ, വിഭാഗീയ താല്പര്യങ്ങളുടെ അജണ്ടയുടെ ബലത്തിൽ നിലനിൽക്കുന്ന രാഷ്ട്രീയ പാർട്ടികൾ, അനുബന്ധ സംഘടനകൾ, രാഷ്ട്രീയേതര സംഘങ്ങൾ എന്നിവയുടെ നിലനില്പ് അപകടത്തിലാകും. ഈ സംശയം ശരിയാണോ എന്ന് പിരശോധിക്കേണ്ടിയിരിക്കുന്നു.

**പഞ്ചായത്തു സംവിധാനവും എൻ.ജി.ഒ.കളും**

എൻ.ജി.ഒ.കളെയാണ് ഇന്ന് സിവിൽ സമൂഹമായി പരക്കെ വിവക്ഷിക്കപ്പെടുന്നത്. ഭരണക്കൂടവുമായും ഉൽപ്പാദന പ്രവർത്തനങ്ങളുമായും ബന്ധമില്ലാത്ത – രാഷ്ട്രീയേതര, പൊതുമേഖലേതര, സ്വകാര്യമേഖലേതര സംഘങ്ങളെയാണ് പൊതുവെ എൻ.ജി.ഒ.കൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. സിവിൽ സമൂഹത്തെ സംബന്ധിച്ച്, മേൽ ഉദ്ധരിച്ച, ഗ്രാംജിയുടെ നിർവ്വചനത്തിന്റെ വെളിച്ചത്തിലായിരിക്കാം എൻ.ജി.ഒ.കൾക്ക് ഇപ്രകാരം ഒരു നിർവ്വചനം ഉണ്ടായത്.

എന്നാൽ, എൻ.ജി.ഒ.കളെ ഇപ്രകാരം ഏതെങ്കിലും തരത്തിലുള്ള ഒരു നിർവ്വചനത്തിൽ ഒതുക്കുവാൻ കഴിയുകയില്ല. കാരണം, തികച്ചും വ്യത്യസ്തമായ ലക്ഷ്യങ്ങളും സംഘടനാ രൂപങ്ങളും ഉള്ള എൻ.ജി.ഒ.കൾ പ്രവർത്തിക്കുന്നുണ്ട്. രാഷ്ട്രീയ ബന്ധങ്ങളോടുകൂടിയും അല്ലാതെയും ജനങ്ങളുടെ വിമോചനം, ശക്തീകരണം, വികസനം എന്നീ കാര്യങ്ങൾക്കുവേണ്ടിയും, രാഷ്ട്രീയ പ്രക്രിയയിൽ ഇടപെടുവാൻ വേണ്ടിയും ചില വിഭാഗം ജനങ്ങളുടെ താല്പര്യങ്ങൾക്കുവേണ്ടി മാത്രമായും പ്രവർത്തിക്കുന്ന വിവിധ തരം എൻ.ജി.ഒ.കൾ ഉണ്ട്. അടുത്ത കാലത്തായി പുതിയ രണ്ടു തരം എൻ.ജി.ഒ.കളും രംഗപ്രവേശനം ചെയ്തുകൊണ്ടിരിക്കുന്നു. ആഗോളവൽക്കരണം എന്ന ആശയത്തിന്റെ പ്രചാരകർ സൃഷ്ടിച്ച, ആഗോളവേരുകളും അജണ്ടയും ഉള്ള എൻ.ജി.ഒ.കളാണ്

ഇവയിൽ ഒരിനം. ഭരണക്കൂടം പിൻവാങ്ങുന്ന മേഖലകളിലെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനും ഭരണക്കൂടത്തിന് ഉപദേശങ്ങൾ നൽകുവാനും വേണ്ടി സജ്ജമാക്കപ്പെട്ടിരിക്കുന്ന എൻ.ജി.ഒ. കളാണിവ. സ്വകാര്യ മൂലധനത്തിന്റെ താല്പര്യത്തിനുവേണ്ടി ഭരണക്കൂടത്തെ തകർക്കുക എന്നതാണ് ഇവയുടെ ലക്ഷ്യം. വൻ വ്യവസായികൾ, സ്വകാര്യ സംരംഭങ്ങളെ എൻ.ജി.ഒ. എന്ന ലേബലിന്റെ മറവിൽ പുനർസംഘടിപ്പിച്ചവയാണ് മറ്റൊരിനം. പുതിയ സാമ്പത്തിക നയം എൻ.ജി.ഒ. കൾക്കു നൽകുന്ന പ്രോത്സാഹനത്തെ മുതലാക്കിയും, കമ്പനി-ടാക്സ് നിയമങ്ങളുടെ പരിധിയിൽ നിന്നും ഒഴിവാക്കിയും കൂടുതൽ ലാഭം ഉണ്ടാക്കുവാനുള്ള സ്വകാര്യ സംരംഭങ്ങളാണിവ. പുതിയ സാമ്പത്തിക നയവും പഞ്ചായത്തുരാജ് സംവിധാനവും എൻ.ജി.ഒ.കളെ പ്രോത്സാഹിപ്പിക്കുവാൻ നൽകുന്ന സാഹചര്യം മുതലാക്കുവാൻവേണ്ടി ധാരാളം സംഘങ്ങൾ എൻ.ജി.ഒ.കൾ എന്ന പേരിൽ രംഗപ്രവേശം ചെയ്യുന്നുണ്ട്. ഇവയിൽ പലതും പ്രത്യേകിച്ച്, കൂടുതൽ ശേഷിയുള്ള എൻ.ജി.ഒ.കൾ ജനങ്ങളുടെ വിശാല താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടിയാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ അജണ്ട വെച്ചുകൊണ്ടു പ്രവർത്തിക്കുന്ന പല എൻ.ജി.ഒ.കളും ഉണ്ട്. അതിനാൽ, അത്തരം എൻ.ജി.ഒ. കളെ കണ്ടെത്തുവാനും ശക്തിപ്പെടുത്തുവാനും ഉള്ള ശ്രമം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തുരാജ് സംവിധാനവുമായി ജനങ്ങളെ ബന്ധിപ്പിക്കുവാൻ സംസ്ഥാനതലത്തിലും പ്രാദേശിക തലങ്ങളിലും ചില എൻ.ജി.ഒ.കൾ ശ്രദ്ധേയമായ സംഭാവന നൽകിയിട്ടുണ്ട്. എന്നാൽ പല എൻ.ജി.ഒ. കളും പഞ്ചായത്തു സൗഹൃദപരമല്ല. പഞ്ചായത്തു സൗഹൃദപരമായ എൻ.ജി.ഒ.കളാണ് ജനകീയ താല്പര്യമുള്ളവ എന്ന വസ്തുത എൻ.ജി.ഒ. കളും പഞ്ചായത്തുകളും തിരിച്ചറിയണം. എൻ.ജി.ഒ.കളുടെ പ്രോജക്ടുകൾ പഞ്ചായത്തുകളുടേതുമായി സംയോജിപ്പിക്കുവാനും, എൻ.ജി.ഒ.കളുടെ അനുഭവങ്ങളും ഗവേഷണ ഫലങ്ങളും പഞ്ചായത്തുകളുമായി പങ്കുവെയ്ക്കുവാനും സാധിച്ചാൽ പ്രാദേശിക തലത്തിൽ വലിയ നേട്ടം ഉണ്ടാക്കുവാൻ കഴിയും.

ജനങ്ങളുടെ ശക്തീകരണത്തിനുവേണ്ടി പഞ്ചായത്തുകളുമായി സഹകരിക്കുവാൻ താല്പര്യവും സന്നദ്ധതയും ഉള്ള എൻ.ജി.ഒ.കളെ കണ്ടെത്തി അവയും പഞ്ചായത്തുകളുമായി ബന്ധപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടക്കേണ്ടിയിരിക്കുന്നു. ഒപ്പം, ജനകീയവിരുദ്ധ താല്പര്യങ്ങളുടെ അജണ്ട മറച്ചുവെച്ചുകൊണ്ടു പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളെ തിരച്ചറിഞ്ഞ് അവ പഞ്ചായത്തുകളെ ഉപയോഗിക്കുവാനുള്ള സാദ്ധ്യതയെ തടയുകയും വേണം.

**സിവിൽ സമൂഹത്തെ എങ്ങനെ ശക്തിപ്പെടുത്താം?**

ഇത്രയും കാര്യങ്ങൾ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ, കേരളത്തിൽ സിവിൽ സമൂഹത്തെ എങ്ങനെ ശക്തിപ്പെടുത്താം എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഇന്നു പ്രവത്തിക്കുന്ന വിവിധ സംഘടനകളുടെ ശക്തി-ദൗർബല്യങ്ങൾ വിലയിരുത്തിക്കൊണ്ടാണ് ഈ പിശോധന നടക്കേണ്ടത്.

കേരളത്തിലെ സിവിൽ സംഘങ്ങളെ താഴെ കാണുന്ന രീതിയിൽ വർഗ്ഗീകരിക്കാം.

1. ജാതി/മത അടിസ്ഥാനത്തിലുള്ള സംഘങ്ങൾ
2. ബുദ്ധിജീവികളുടെ സംഘങ്ങൾ
3. തൊഴിലാളി/തൊഴിൽ സംഘങ്ങൾ
4. പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ സംഘങ്ങൾ
5. സന്നദ്ധ സംഘടനകൾ
6. പരിസ്ഥിതി–മനുഷ്യാവകാശ സംഘങ്ങൾ
7. പ്രാദേശിക കലാ–സാംസ്കാരിക സംഘങ്ങൾ

മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ പെടുന്ന ധാരാളം സംഘങ്ങളുടെ ആശയാടിത്തറ, സംഘടനാ രൂപങ്ങൾ, പ്രവർത്തനരീതി എന്നിവ വ്യത്യസ്തമാണ്. ചിലത് സാമൂഹ്യബോധത്തിനെതിരായി പ്രവർത്തിക്കുന്നവയാണോ എന്ന് സംശയിക്കപ്പെടുന്നു. ഇവയിൽ പലതും പരസ്പര വിരുദ്ധമായ പ്രവർത്തനങ്ങളും നടത്തുന്നു. ചില സംഘങ്ങളുടെ സാമുഹ്യ കാഴ്ച്ചപ്പാടും പ്രവർത്തന രീതിയും അർത്ഥവത്തായ ജനപങ്കാളിത്തത്തിനു സഹായകരമായി രൂപപ്പെടുത്താമെങ്കിൽ മറ്റു ചിലവയെ അങ്ങനെ ഉപയോഗിക്കുവാൻ കഴിയുകയില്ല. അതിനാൽ സാമൂഹ്യപ്രതിബദ്ധതയോടുകൂടിയ പ്രവർത്തനത്തിന് സജ്ജമാക്കുവാൻ അനുയോജ്യമായ സംഘങ്ങളെ കണ്ടെത്തുവാനുള്ള ശ്രമം ഉണ്ടാകണം. അതിനുവേണ്ടി, ഓരോ വിഭാഗങ്ങളിലും ഉള്ള സംഘങ്ങളുടെ സവിശേഷതകളെ സംബന്ധിച്ച പഠനം ആവശ്യമാണ്.

**ജാതി/മത സംഘടനകൾ**

20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പൊതുവായ താല്പര്യങ്ങൾക്ക് വേണ്ടിയാണ് കേരളത്തിൽ ജാതി/മത അടിസ്ഥാനത്തിൽ സാമൂഹ്യ പ്രസ്ഥാനങ്ങൾ രൂപം കൊണ്ടത്. എന്നാൽ, ഇന്ന്, അവ, സങ്കുചിത ജാതിമത താലപര്യങ്ങൾക്കു വേണ്ടിയാണ് നിലകൊള്ളുന്നത്. ക്രമേണ അവയുടെ ശക്തിയുടെ ഫലമായി രാഷ്ട്രീയം വർഗ്ഗീയവൽക്കരിക്കപ്പെടുകയും മതം രാഷ്ട്രീയവൽക്കരിക്കുകയും ചെയ്തു എന്ന ഒരഭിപ്രായം ഉണ്ട്. ഈ സംഘടനകളിലൂടെ ഓരോ മതത്തിൽപ്പെട്ടവർ മാത്രം കൂട്ടായി വളരുവാൻ നടത്തിയ ശ്രമത്തിന്റെ ഫലമായിട്ടാണ് സമഗ്രമായ സാമൂഹ്യബോധം നഷ്ടപ്പെട്ടതെന്ന് സംശയിക്കപ്പെടുന്നു. വിവിധ സാമുദായിക സംഘടനകൾ തങ്ങളുടെ അനുയായികൾക്കു നേട്ടം ഉണ്ടാക്കിയപ്പോൾ ദളിതർ, ആദിവാസികൾ തുടങ്ങിയവർ പിന്തള്ളപ്പെട്ടു എന്നും വിശ്വസിക്കപ്പെടുന്നു.

ഈ സ്ഥിതി ഒരു പരിധിവരെ മുന്നോക്ക ജാതികളിൽപ്പെട്ടവരെ, പ്രാദേശികതലങ്ങളിൽ ജനങ്ങളുടെ കൂട്ടായ്മയിൽ നിന്നും പിൻതിരിപ്പിച്ചതു കൂടാതെ പഞ്ചായത്തു സംവിധാനത്തിന്റെ വിമർശകർ ആക്കുകയും ചെയ്തില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ സംഘടനാ സംവിധാനത്തിന് കേന്ദ്രീകൃത രാഷ്ട്രീയ വ്യവസ്ഥ സഹായകമായതിനാൽ അവർക്ക് അതിനെ പിൻതാങ്ങുവാനായിരിക്കാം താല്പര്യം. എന്നാൽ, ദളിതർ, ആദിവാസികൾ, മത്സ്യതൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങൾപോലും തെരഞ്ഞെടുപ്പിൽ അല്ലാതെ തുടർന്ന് പഞ്ചായത്തിൽ വേണ്ടയളവിൽ പങ്കാളിത്തം ലഭ്യമാക്കിയതായി കാണുന്നില്ല. ആദിവാസികൾ, വികസന പരിപാടികൾ ഡിപ്പാർട്ടുമെന്റുകളെ തിരികെ ഏല്പിക്കണമെന്നുപോലും ആവശ്യപ്പെട്ടു. കേന്ദ്രീകൃത വ്യവസ്ഥയിൽ സംഘടിതമായി നേട്ടം ഉണ്ടാക്കുവാൻ കഴിയാത്ത ഈ കൂട്ടർ പഞ്ചായത്തു സംവിധാനത്തെ ശക്തിപ്പെടു

ത്തുവാൻ ബാദ്ധ്യസ്ഥരാണെന്നു വിശ്വസിക്കപ്പെട്ടിരുന്ന സന്ദർഭത്തിലാണ് ഇത് സംഭവിച്ചത്. ഈ പശ്ചാത്തലത്തിൽ സിവിൽ സമൂഹത്തിന്റെ ശക്തീകരണത്തിനുള്ള ശ്രമങ്ങളിൽ ജാതി–മത സംഘടനകളെ എങ്ങനെ സമീപിക്കണം എന്നത് വിശദമായി പരിശോധിക്കപ്പെടണം.

**ബുദ്ധിജീവി സമൂഹം**

ബൗദ്ധിക രംഗത്ത് പ്രവർത്തിക്കുന്നവരും വിവിധ തലങ്ങളിലുള്ള പ്രൊഫഷണൽ ജോലികളിൽ പ്രവീണ്യരുമായ വലിയ ഒരു സംഘം ആളുകൾ കേരളത്തിന്റെ ഗ്രാമാന്തരങ്ങളിൽ പോലുമുണ്ട്. അവർക്ക് പുതിയ തദ്ദേശഭരണ സംവിധാനത്തിൽ കാര്യമായ പങ്ക് നിർവ്വഹിക്കുവാനാകും. പക്ഷേ, പലരും ഡോഗ്മാറ്റിക് ആകുന്നതും ജനങ്ങളുമായി ബന്ധപ്പെടുവാൻ വേണ്ടത്ര തയ്യാറാകാത്തതും കാരണം ഇവർക്കതിനു കഴിഞ്ഞിട്ടുണ്ടോ എന്ന് സംശയമാണ്. ജനങ്ങളുമായി ചേർന്നു പ്രവർത്തിക്കുവാൻ ഇവരെ തയ്യാറാക്കിയാൽ ജനപങ്കാളിത്തത്തിന്റെ ഗുണവും ആശയപരമായ പരിപ്രേക്ഷ്യവും മെച്ചമാക്കുവാൻ കഴിയും. അതിനാൽ ഇതിനുവേണ്ടിയുള്ള ഒരു പ്രവർത്തന പരിപാടി തയ്യാറാക്കേണ്ടതാണ്.

**തൊഴിലാളി/തൊഴിൽ സംഘടനകൾ**

അംഗസംഖ്യയുടെയും സംഘടനാശക്തിയുടെയും കാര്യത്തിൽ സംഘടിത മേഖലയിലെ തൊഴിലാളി യൂണിയനുകളും, കർഷകത്തൊഴിലാളികൾ, കൃഷിക്കാർ, കൈവേലക്കാർ, ചുമട്ടുകാർ തുടങ്ങിയ തൊഴിൽ സംഘടനകളും കേരളത്തിൽ വളരെ ശക്തമാണ്. പഞ്ചായത്തു സംവിധാനവും വികേന്ദ്രീകൃതാസൂത്രണവും വാഗ്ദാനം ചെയ്യുന്ന നേട്ടങ്ങൾ അധികവും ഈ വിഭാഗങ്ങൾക്കാണ്. എന്നാൽ ഈ സംഘടനകൾ ഇതിനെ ഗൗരവമായി എടുത്തിട്ടുണ്ടോ എന്ന് സംശയമാണ്. രാഷ്ട്രീയ പാർട്ടികളോടുള്ള വിധേയത്വവും കേന്ദ്രീകൃതമായ സംഘടനാ രൂപവുംമൂലം കേന്ദ്രീകൃത സമരങ്ങൾക്കല്ലാതെ സംഘടിതമായ പങ്കാളിത്തം ഒരുക്കുവാൻ ഈ സംഘടനകൾക്കു കഴിഞ്ഞതായി കാണുന്നില്ല. ഈ വിഭാഗങ്ങളെ പഞ്ചായത്തുതലത്തിലുള്ള പങ്കാളിത്തത്തിനു തയ്യാറാക്കുവാൻ സാധിക്കുമോ? അങ്ങനെയെങ്കിൽ അതിനുള്ള മാർഗ്ഗം എന്താണ്? എന്നീ കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്.

**പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ സംഘടനകൾ**

സ്ത്രീകൾ, ആദിവാസികൾ, ദളിതർ, മത്സ്യതൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ സംഘടനകളും ഉണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിൽ, ഈ വിഭാഗങ്ങൾക്കു വേണ്ടി പ്രത്യേകം പണം വേർതിരിച്ചു ലഭ്യമാക്കിയെങ്കിലും ആ മേഖലകളിൽ ഫലവത്തായ പ്രോജക്ടുകൾ രൂപീകരിക്കുവാനും നടപ്പിലാക്കുവാനും വേണ്ടത്ര ശ്രമം ഉണ്ടായിട്ടില്ല എന്നാണ് പൊതുവായ നിഗമനം. വാസ്തവത്തിൽ, ഈ സംഘടനകൾ ലഭ്യമായ അവസരം തക്കത്തിൽ ഉപയോഗിക്കുവാൻ പരിശ്രമം നടത്തിയിട്ടില്ല എന്നു തോന്നുന്നു. തൊഴിലാളി/തൊഴിൽ സംഘടനകളെപ്പോലെ തന്നെ, കേന്ദ്രീകൃത സമരങ്ങൾക്കല്ലാതെ, പ്രാദേശിക തലത്തിൽ പങ്കാളിത്തത്തിലൂടെ നേട്ടങ്ങൾ ഉണ്ടാക്കുവാൻ ഈ സംഘടനകളും ശീലിച്ചിട്ടില്ലാത്തതാകാം ഇതിന് ഒരു കാരണം. അതിനുവേണ്ടി ഈ സംഘടനകളെ എങ്ങനെ തയ്യാറാക്കാം (Facilitate) എന്നത് പരിശോധിക്കേണ്ടതാണ്.

## സന്നദ്ധ സംഘടനകൾ

താല്പര്യങ്ങൾ, സമീപനം, പ്രവർത്തനരീതി സംഘാടക സംവിധാനം എന്നീ കാര്യങ്ങളിൽ വൈവിദ്ധ്യം ഉള്ള ധാരാളം സന്നദ്ധ സംഘടനകൾ ഉണ്ട്. സ്ത്രീകൾ, ദളിത്, ആദിവാസികൾ, മത്സ്യ ത്തൊഴിലാളികൾ എന്നിവരുടെ ശാക്തീകരണത്തിനുവേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടന കൾ പോലും പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുവാൻ വേണ്ടത്ര ശ്രമിച്ചിട്ടില്ല എന്നു തോന്നുന്നു. തങ്ങളുടെ അനുഭവങ്ങളും വിഭവങ്ങളും പങ്കിടുവാൻവേണ്ടി ഈ സംഘങ്ങളെ പ്രേരി പ്പിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടാണ് ഇവർ ഇതിനു സ്വയം തയ്യാറാകാത്താത് എന്നതും പരി ശോധിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തു സംവിധാനത്തിന് ബദലായി വ്യാപകവും ശക്തവുമായ ശൃംഖലകളോടുകൂടി ആന്ധ്രാപ്രദേശിൽ ചില സന്നദ്ധ സംഘടനകൾ മുന്നേറ്റം നടത്തുന്നതും പഠന വിധേയമാക്കേണ്ടിയിരിക്കുന്നു. സ്റ്റേറ്റ് തന്നെ അതിന്റെ ചുമതലകൾ കോൺട്രാക്ട് അയി സന്നദ്ധ സംഘടനകളെ ഏല്പിക്കുന്ന പുതിയ പശ്ചാത്തലത്തിൽ സ്വകാര്യ കമ്പനികൾ സന്നദ്ധ സംഘടനകളുടെ ലേബലിൽ അവതരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്ന പുതിയ പ്രവണതയും പഠന വിധേയമാക്കേണ്ടിയിരിക്കുന്നു. അതിനാൽ പഞ്ചായത്തു സംവിധാനവുമായി ബന്ധപ്പെടു വാൻ, സന്നദ്ധ സംഘടനകളെ എങ്ങനെ തയ്യാറാക്കാം, അതിനുള്ള സാദ്ധ്യതകൾ എന്തെല്ലാമാണ് എന്നീ കാര്യങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു.

## പരിസ്ഥിതി-മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ

പരിസ്ഥിതി, മനുഷ്യാവകാശം, ഉപഭോക്തൃ സംരക്ഷണം, പൊതുതാല്പര്യ നിയമം തുട ങ്ങിയ മേഖലകളിൽ പ്രാദേശിക-സ്റ്റേറ്റ് തലങ്ങളിൽ പ്രവർത്തിക്കുന്ന ധാരാളം സംഘങ്ങൾ ഉണ്ട്. ഈ സംഘങ്ങളും പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി വേണ്ടത്ര ബന്ധപ്പെട്ടിട്ടില്ല. പൗരാവകാ ശം, അറിയാനുള്ള സ്വാതന്ത്ര്യം, സോഷ്യൽ ഓഡിറ്റിംഗ് എന്നീ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ കാണിച്ചിട്ടില്ല എന്നാണ് പൊതുവായ അഭിപ്രായം. ഈ സംഘങ്ങളുമായി ബന്ധപ്പെടുവാനുള്ള പദ്ധതി തയ്യാറാക്കേണ്ടിയിരിക്കുന്നു.

## പ്രാദേശിക സാംസ്കാരിക സംഘങ്ങൾ

കലാ-സാംസ്കാരിക ക്ലബ്ബുകൾ, പൗരസമിതികൾ, സേവന സംഘങ്ങൾ, ലൈബ്രറികൾ എന്നിവ എല്ലാ പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നു. ഇത്തരം സംഘങ്ങൾ ഓരോ വാർഡുക ളിൽ കുറഞ്ഞത് മൂന്നോ നാലോ എണ്ണം വീതം ഉണ്ട്. രാഷ്ട്രീയ പാർട്ടികളോടോ കർക്കശമായ സിദ്ധാന്തങ്ങളോടോ, വിധേയത്വമില്ലായ്മ, പഞ്ചായത്തുതലത്തിൽ മാത്രം ഒതുങ്ങുന്ന സംഘടനാ രൂപം എന്നിവ ഇവയിൽ മിക്ക സംഘങ്ങളെയും പ്രാദേശിക പ്രവർത്തനത്തിന് സഹായിക്കുന്ന ഘട കങ്ങളാണ്. ഇവയിൽ പലതിനും പഞ്ചായത്തുകളിൽ നിന്നും സഹായവും ലഭിക്കുന്നുണ്ട്. എങ്കിലും ഈ സംഘടനകളുടെ പങ്കാളിത്തം ഒട്ടുംതന്നെ തൃപ്തികരമല്ല. ഏറ്റവും അധികം സാദ്ധ്യതകളുള്ള സംഘങ്ങളാണിവ. വേണ്ട അവബോധവും പരിശീലനവും നൽകിയാൽ ഈ സംഘങ്ങളെ ജനപങ്കാളിത്തത്തിനുള്ള പ്രധാന ഉപാധിയായി മാറ്റാൻ കഴിയും. അതിനു സഹായക രമായ അന്വേഷണം നടക്കേണ്ടിയിരിക്കുന്നു.

**ഗ്രാമപഞ്ചായത്തുകൾ ചെയ്യേണ്ടത്**

ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും പ്രവർത്തിക്കുന്ന എല്ലാ സിവിൽ സംഘടനകളുടെയും ഒരു പട്ടിക തയ്യാറാക്കുകയും അത്തരം സംഘടനകളുമായി വികസന–ഭരണ കാര്യങ്ങൾ ചർച്ച ചെയ്യുന്ന നടപടിക്കു തുടക്കം കുറിക്കുന്നതും നല്ലതാണ്. കലാ–സാംസ്കാരിക സംഘടനകൾ, ക്ലബ്ബുകൾ, ലൈബ്രറികൾ, മഹിളാ സംഘങ്ങൾ, കർഷക സംഘങ്ങൾ, കർഷക തൊഴിലാളി സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, പൗരസമിതികൾ, യുവജന സംഘടനകൾ തുടങ്ങിയവയുടെ ഒരു ലിസ്റ്റു സൂക്ഷിക്കുകയും അവയുമായി ബന്ധം പുലർത്തുകയും ചെയ്താൽ ജനപങ്കാളിത്തം മെച്ചപ്പെടുത്തുവാൻ കഴിയും. പങ്കാളിത്ത ജനാധിപത്യം ഉറപ്പാക്കണമെന്നതാണ് 73, 74 ഭരണഘടനാ ഭേദഗതി നിയമങ്ങളുടെയും പഞ്ചായത്തുരാജ് മുനിസിപ്പൽ നിയമങ്ങളുടെയും വിവക്ഷ. ഇതു ഗ്രാമസഭകളിലൂടെ മാത്രം സാദ്ധ്യമല്ല. ഗ്രാമസഭകളെ ശക്തിപ്പെടുത്തി ഫലപ്രദമായ പങ്കാളിത്ത ഭരണനിർവ്വഹണവും ആസൂത്രണ വികസനവും ഉറപ്പാക്കാൻ സിവിൽ സമൂഹങ്ങളെ പ്രയോജനപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കണം. നിയമം ആവശ്യപ്പെടുന്നപ്രകാരം പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ പഞ്ചായത്തുകൾ തയ്യറാകേണ്ടതാണ്. സിവിൽ സമൂഹവും പഞ്ചായത്തുകളും തമ്മിലുള്ള ബന്ധം സൗഹാർദ്ദപരമാക്കുവാൻ ഇത് സഹായകരമാകും.

**സിവിൽ സമുഹത്തിന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ**

1. അറിയാനുള്ള അവകാശം ഉപയോഗിക്കുക. പഞ്ചായത്തീ രാജ് ആക്ടിലെ 25–എ അദ്ധ്യായം 271 (ബി), (സി) വകുപ്പുകൾ അനുസരിച്ച് പഞ്ചായത്തിലെ ഏതു രേഖയുടെയും കോപ്പി ആവശ്യപ്പെടാനുള്ള അവകാശം ഏതൊരു പൗരനും ഉണ്ട്. ഈ അവകാശം സ്ഥാപിച്ചെടുക്കുവാൻ ശ്രമിക്കേണ്ടതാണ്.

2. അദ്ധ്യായം 25–ബി അനുസരിച്ച് പഞ്ചായത്തിലെ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിച്ച് തീർപ്പു കല്പിക്കുവാൻ വേണ്ടി ഓംബുഡ്സ്മാൻ എന്ന സ്വതന്ത്ര കോടതി സ്ഥാപിച്ചിട്ടുണ്ട്. ഓംബുഡ്സ്മാനിൽ പരാതി സമർപ്പിക്കുവാൻ വേണ്ട താല്പര്യം കാണിക്കുക.

3. ഗ്രാമസഭകൽ നിയമാനുസൃതമായി വിളിച്ചു കൂട്ടുവാൻ ഇടപെട്ടും ഗ്രാമസഭകളിൽ പങ്കെടുത്തും അതിന്റെ പ്രവർത്തനം വ്യവസ്ഥാപിതവും കാര്യക്ഷമവും ആക്കിയും അധികാരം ജനങ്ങൾക്ക് എന്ന ആശയം യാഥാർത്ഥ്യമാക്കുവാൻ താല്പര്യം കാണിക്കുക.

4. പ്രോജക്ടുകളുടെ നിർവ്വഹണത്തിനുവേണ്ടിയുള്ള ഗുണഭോക്തൃ സമിതികളുടെ രൂപീകരണവും പ്രവർത്തനവും സുതാര്യവും കാര്യക്ഷമവും ആക്കുവാൻ വേണ്ട ജാഗ്രതയും പങ്കാളിത്ത്വും ഉറപ്പാക്കുക.

5. നിർമ്മാണ പ്രവർത്തനം നടത്തുന്ന സ്ഥലങ്ങളിൽ വിശദമായ പ്ലാനും എസ്റ്റിമേറ്റും പ്രദർശിപ്പിക്കുവാൻ വേണ്ട ഇടപെടലുകൾ നടത്തുക.

6. സെക്ടറൽ കമ്മിറ്റികൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ വേണ്ട പങ്കാളിത്തവും ഇടപെടലുകളും ലഭ്യമാക്കുക.

7. പഞ്ചായത്തീ രാജ് ആക്ട് അനുസരിച്ച് പൗരാവകാശരേഖ പ്രസിദ്ധീകരിക്കുവാനുള്ള ഗ്രാമപഞ്ചായത്തുകളുടെ ബാദ്ധ്യത നടപ്പാക്കുവാൻ സമ്മർദ്ദം ചെലുത്തുക.

8. ഗ്രാമസഭകളുടെ കീഴിൽ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും അവയെ ശക്തിപ്പെടുത്തി നിലനിർത്തുന്നതിനും താല്പര്യം കാണിക്കുക.

9. കരാറുകളിലൂടെ നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവാരം ഉറപ്പാക്കുവാൻ വേണ്ടി മോണിറ്ററിംഗിൽ ശ്രദ്ധിക്കുക.

**ഉപസംഹാരം**

സിവിൽ സമൂഹത്തെ ശക്തിപ്പെടുത്തുവാൻ ഒരേ സമയം തന്നെ മുകളിൽ നിന്നും താഴെ നിന്നും ഉള്ള ശ്രമങ്ങളാണ് ഉണ്ടാകേണ്ടത്. ബൗദ്ധിക പ്രവർത്തകരോടും സംസ്ഥാനതല സംഘങ്ങളോടും ബന്ധപ്പെടുവാൻ ഒരു തലത്തിൽ ഉള്ള ശ്രമം ഉണ്ടാകുമ്പോൾ തന്നെ; പഞ്ചായത്തുതലത്തിലുള്ള സംഘങ്ങളുമായി ബന്ധപ്പെടുവാനുള്ള ശ്രമവും നടന്നുകൊണ്ടിരിക്കണം. രണ്ടിന്റെയും അനുഭവങ്ങൾ പങ്കിട്ടുകൊണ്ടിരിക്കുവാനുള്ള ശ്രമം ഉണ്ടാവുകയും വേണം.

........................